ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം.ഇ9/1788/19/സി/ത.സ്വ.ഭ.വ** **തീയതി : 06/02/2019**

# സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് – സാങ്കേതിക വിഭാഗം – ജീവനക്കാര്യം – പൊതുസ്ഥലം മാറ്റം – അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : സ.ഉ(പി) നം. 3/2017/തസ്വഭവ തീയതി 25.02.2017

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം (സാങ്കേതിക / മിനിസ്റ്റീരിയൽ വിഭാഗം) ജീവനക്കാരുടെ 2019 വർഷത്തിലെ പൊതുസ്ഥലം മാറ്റം നടത്തുന്നതിലേക്കുള്ള അപേക്ഷകൾ സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ഷണിച്ചുകൊള്ളുന്നു. ടി അപേക്ഷ 2019 ഫെബ്രുവരി 20-ാം തീയതിയ്ക്കുള്ളിൽ ഉചിതമാർഗ്ഗേണ തസ്വഭവ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ (www.celsgd.kerala.gov.in) "Proforma" പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ ഉചിതമാർഗ്ഗേന സമർപ്പിക്കുന്നതിനോടൊപ്പം, ടി പേജിൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ള online submission-ലൂടെയും അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷകളുടെ Hard copy നിയന്ത്രണാധികാരി പരിശോധിച്ച് സാധുത ഉറപ്പുവരുത്തി ആയത് സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഔദ്യോഗിക വെബ് സൈറ്റിലെ "Proforma" പേജിൽ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ത്രിതല പഞ്ചായത്തുകൾ / KSRRDA എന്നിവിടങ്ങളിലെ ജീവനക്കാർ സ്വമേധയാ "Proforma for General Transfer-online submit" എന്ന ലിങ്ക് മുഖാന്തിരം അതാത് കാര്യാലയത്തിനായി പ്രസിദ്ധീകരിച്ചിട്ടുള്ള online form സമർപ്പിക്കേണ്ടത്. അതാത് കാര്യാലയങ്ങളിലെ ജീവനക്കാർക്ക് ടി പ്രൊഫോർമയിൽ പ്രവേശിക്കുന്നതിനുള്ള password ഈ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്. ടി form-ൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ password അതാത് കാര്യാലയങ്ങളിൽ നിന്നും ജീവനക്കാർ കൈപ്പറ്റേണ്ടതാണ്. ഇങ്ങനെ online ആയി സമർപ്പിക്കുന്ന form-ലെ വിവരങ്ങൾ അതാത് കാര്യാലയത്തിലെ നിയന്ത്രണാധികാരി പരിശോധിച്ച് "Approval" രേഖപ്പെടുത്തുന്ന അപേക്ഷകൾ മാത്രമേ പൊതുസ്ഥലംമാറ്റത്തിനായി പരിഗണിക്കുകയുള്ളൂ. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ചീഫ് എഞ്ചിനീയർ**

P 170

## തദ്ദേശസ്വയംഭരണവകുപ്പ്
## പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | ഉദ്യോഗപ്പേര് | |
| 3 | ആഫീസ് മേൽവിലാസം | |
| 4 | ജനന തീയതി | |
| 5 | ഇപ്പോഴത്തെ ആഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി (ഉദ്യോഗകയറ്റം/നിയമന ഉത്തരവ് നമ്പർ തീയതി) | |
| 6 | ഇപ്പോഴത്തെ ആഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് സ്വന്തം ജില്ലയിലും ജില്ലയ്ക്കുപുറത്തും സർവ്വീസിൽ കയറിയതുമുതലുള്ള ജോലിചെയ്ത കാലയളവും തസ്തികയും സ്റ്റേഷനും. (ആവശ്യമെങ്കിൽ ലിസ്റ്റ് വേറെ ചേർക്കുക) | |
| 7 | സ്ഥലമാറ്റം - പ്രത്യേക പരിഗണനയുണ്ടെങ്കിൽ (ഉണ്ടെങ്കിൽ വിശ്വസനീയമായ രേഖ ഹാജരാക്കണം) | വികലാംഗർ/മിശ്രവിവാഹിതർ/മിലിട്ടറി ആശ്രിതർ/എസ്സ്.സി,എസ്സ്.റ്റി/വിദൂര സ്ഥലസേവനം/വിരമിക്കാൻ രണ്ട് വർഷം/ സഹതാപാർഹമായ കാരണം/മറ്റുള്ളവ ബാധകമല്ല). |
| 8 | സ്ഥിരതാമസ വിലാസം | |
| 9 | സ്ഥലംമാറ്റം ലഭിക്കുവാൻ ആഗ്രഹിക്കുന്ന സ്റ്റേഷനുകൾ (ജില്ലയുടെ പേര് ഉൾപ്പെടെ) | 1.<br>2.<br>3.<br>4.<br>5. |

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം:
തീയതി

ഒപ്പ്
അപേക്ഷകന്റെ പേര്

അപേക്ഷകന്റെ സേവന പുസ്തകം/ബന്ധപ്പെട്ട സർവ്വീസ്സ് രേഖകൾ പരിശോധിച്ച് മേൽപ്രസ്താവിച്ച വിവരം ശരിയാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ആഫീസ് മേലധികാരിയുടെ ഒപ്പ്
തീയതി ഉദ്യോഗപ്പേര്

അപേക്ഷ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ ശുപാർശ ചെയ്യുന്നു/താഴെപറയുന്ന കാരണത്താൽ അപേക്ഷ നിരസിക്കാവുന്നതാണ്.

സൂപ്രണ്ടിംഗ് എൻജിനിയർ/
എക്സിക്യൂട്ടീവ് എൻജിനിയർ/
പ്രോജക്ട് ഡയറക്ടർ/സെക്രട്ടറി

സ്ഥലം:
തീയതി

## ആഫീസ് ഉപയോഗത്തിന് മാത്രം

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | ഉദ്യോഗപ്പേര് | |
| 3 | സ്വന്തം ജില്ലയ്ക്ക് പുറത്ത് എത്ര കാലമായി ജോലി ചെയ്യുന്നു. | |
| 4 | സ്ഥലംമാറ്റത്തിന്റെ മുൻഗണന നിശ്ചയിച്ച ജില്ലയിലെ സീനിയോറിറ്റി നമ്പർ | |

സെക്ഷൻക്ലാർക്ക്:

ജൂനിയർ സൂപ്രണ്ട്:

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്:

അപേക്ഷ അംഗീകരിച്ചു/നിരസിച്ചു.

ചീഫ് എൻജിനിയർ.

എംഎം